Government of Kerala
1983

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Tuesday, 5th April 1983 / 15th Chaithra 1905 (Saka) [No. 403

1961-ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ററിലെ 6-ാം വകുപ്പുപ്രകാരമുള്ള പരസ്യം

No. B1. 268/82. 1983 ഏപ്രിൽ 4.

താഴെ പറയുന്ന താലൂക്കിലെ താഴെ പറയുന്ന വില്ലേജിലെ താഴെ പറയുന്ന സർവ്വെ നമ്പരുകളിൽപ്പെടുന്ന ഭൂമികളുടെ സർവ്വെ നടത്തണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിരിക്കയാൽ താഴെ പറയുന്ന വില്ലേജിൽ സർവ്വെ പ്രവർത്തനങ്ങൾ വേഗംതന്നെ ആരംഭിക്കുന്നതാണെന്നും താഴെ പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വെ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ററിലെ 6 (1)-ാം വകുപ്പുപ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു. താഴെ പറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അവയോടു ചേർന്നോ സ്ഥിതിചെയ്യുന്ന രജിസ്ററർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജൻറ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയരുടെ അടുത്തു ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോടു ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുംവേണ്ടി അതാതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനുംവേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ററിലെ 6 (2) എന്ന വകുപ്പുപ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ററിലെ 6 (3)-ാം വകുപ്പുപ്രകാരം രജിസ്ററർ ചെയ്ത എല്ലാ കൈവശക്കാരും :—

(എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുററിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മററു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മററു ലൈനുകളോ വെടിപ്പാക്കേണ്ടതാണെന്നും;

(ബി) കൊടി പിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതതു സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും ;

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മററു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയ്ക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ററിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽനിന്നും വസൂലാക്കുന്നതുമാണ്.

ഭൂമിയുടെ വിശദവിവരങ്ങൾ

ഡിസ്ട്രിക്ററ്—തൃശ്ശൂർ.

താലൂക്ക്—മുകുന്ദപുരം. വില്ലേജ്—ആളൂർ.

(ബ്ലോക്ക് 272)

സർവ്വെ നമ്പരുകൾ :—525/2, 529/1

(ഒപ്പ്.)
സ്പെഷ്യൽ തഹശീൽദാർ (എൽ. എ.)
റയിൽവേസ്.

തൃശ്ശൂർ-3.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1983.